
ജോസഫ് നമ്പിമഠം



# ലാന--ചരിത്രമുറങ്ങുന്ന വഴികൾ: 1997 മുതൽ 2011 വരെ

ലാന ഒരു സംഘടന എന്നതിലുപരി വടക്കെ അമേരിക്കയിലെ ഭാഷാസ്നേഹികളുടെയും എഴുത്തുകാരുടെയും ഒരു കൂട്ടായ്മയെന്ന മഹത്തായ ഒരു ആശയമാണ്. സാഹിത്യകാരന്മാരെ സൃഷ്ടിക്കലല്ല അതിന്റെ ദൗത്യം, അവരുടെ കഴിവുകളെ പോഷിപ്പിക്കുക എന്നതാണ്. ഭിന്നിപ്പിക്കലല്ല അതിന്റെ ലക്ഷ്യം, ഒന്നിപ്പിക്കലാണ്.

നോർത്ത് അമേരിക്കയിലെ അംബ്രല്ല സംഘടനകളുടെ വേദികളിൽ മേൽപ്പറഞ്ഞവർക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്ന തോന്നലിൽനിന്നാണ് അവർക്ക് എന്തുകൊണ്ട് ഒരു ദേശീയവേദി ഉണ്ടായിക്കൂടാ എന്നു പലരും ചിന്തിച്ചുതുടങ്ങിയത്. ന്യൂയോർക്കിൽനിന്ന് ഫാ. സെഡ്. എം. മുഴൂരും, ഡാലസ്സിൽ നിന്ന് ജോസഫ് നമ്പിമഠവും, ഹ്യൂസ്റ്റനിൽനിന്ന് ജോൺ മാത്യുവും അന്നത്തെ മാധ്യമങ്ങളിൽ ഈ വിഷയം അവതരിപ്പിച്ച് ആശയരൂപീകരണം നടത്തി.

1996 അമേരിക്കയിലെയും കാനഡയിലെയും മലയാളഭാഷാസ്നേഹികളുടെ പ്രധാന സംഗമവേദി ഫൊക്കാന സമ്മേളനങ്ങളായിരുന്നു. 1996 ജൂലൈയിൽ ഡാലസ്സിൽ നടന്ന ഫൊക്കാന സമ്മേളനത്തിൽവച്ച് ഒരു സാഹിത്യസമ്മേളനം നടത്താൻ തീരുമാനിക്കപ്പെട്ടു. അതിന്റെ ചെയർപെഴ്സൺ ഡാലസ്സ് ലിറ്ററി സൊസൈറ്റിയുടെ മുൻപ്രസിഡന്റ് ഡോ. എം.എസ്.ടി നമ്പൂതിരിയും കോചെയർ അന്നത്തെ പ്രസിഡന്റ് ജോസഫ് നമ്പിമഠവും. പിന്നീട് ഹ്യൂസ്റ്റണിലെ ജോർജ്ജ് മണ്ണിക്കരോട്ടിനെക്കൂടി കോചെയറായി എടുത്തു. കേരളത്തിൽനിന്ന് ഡി. വിനയചന്ദ്രൻ, എം. മുകുന്ദൻ, പെരുമ്പടവം ശ്രീധരൻ, ശ്രീകുമാരൻ തമ്പി, സി.എൽ. ജോസ്, പുനത്തിൽ കുഞ്ഞബ്ദുള്ള എന്നിവർ ആ സമ്മേളനത്തിൽ പങ്കെടുത്തു. ഡാലസ് ലിറ്ററി സൊസൈറ്റിയുടെ പേരിൽ, ശ്രീ നമ്പിമഠത്തിന്റെ ശ്രമഫലമായി പുറത്തിറങ്ങിയ, അമേരിക്കൻ മലയാളികളുടെ ആദ്യത്തെ കവിതാസമാഹരം പ്രകാശനം ചെയ്യപ്പെട്ടു.

പല സാഹിത്യവിഷയങ്ങളെക്കുറിച്ച് പ്രബന്ധങ്ങൾ അവതരിക്കപ്പെട്ടു. അമേരിക്കൻ മലയാളസാഹിത്യം മലയാള സാഹിത്യത്തെ എങ്ങനെ ബാധിക്കും, നൂറ്റമ്പതുവർഷം പിന്നിട്ട മലയാള ചെറുകഥ (നമ്പിമഠം), നാടകത്തിലേക്കുള്ള നടപ്പാത (മനു മാത്യു), കൂടാതെ അക്ഷരശ്ലോകമത്സരം, മാധ്യമസെമിനാർ, കവിതാപാരായണം, കവിതാ ചർച്ച, നോവൽ ചർച്ച എന്നിവ നടന്നു.

ഫൊക്കാന സമ്മേളനത്തിന്റെ അവസാനദിവസം സാഹിത്യസമ്മേളനം വിലയിരുത്തുവാൻ ചേർന്ന യോഗത്തിൽ അമേരിക്കൻ എഴുത്തുകാരുടെ ഒരു സംഘടന രൂപീകരിക്കുക എന്ന ഒരു ആശയം ഉരുത്തിരിഞ്ഞു. അതിനോട് അനുഭാവമുള്ളവർ ഒരു മുറിയിൽ ഒത്തുകൂടി, ചെയർപേഴ്സൺ എം.എസ്.ടി. നമ്പൂതിരി, കോചെയർ നമ്പിമഠം, കോ-ഓർഡിനേറ്റേഴ്സ് ജോൺ മാത്യു മനോഹർ തോമസ് എന്ന ഒരു ആഡ്ഹോക് കമ്മിറ്റിക്ക് രൂപം നല്കി.

1997 ഫൊക്കാനയിൽ രൂപീകരിച്ച ആഡ്ഹോക്ക് കമ്മറ്റിയുടെ നേതൃത്വത്തിൽ നിലവിലുണ്ടായിരുന്ന സാഹിത്യ സംഘടനകളുടെ (കേരള ലിറ്ററി സൊസൈറ്റി ഡാലസ്, കേരള റൈറ്റേഴ്സ് ഫോറം ഹ്യൂസ്റ്റൺ, സർഗവേദി ന്യൂയോർക്ക്, സാഹിതീസഖ്യം ന്യൂയോർക്ക്, സാഹിത്യവേദി ഫിലഡല്ഫിയ) പ്രധിനിധികളെയും ക്ഷണിച്ചുകൊണ്ട് ജൂൺ 14-ന് ഡാലസ്സിൽ

ഒരു സാഹിത്യസമ്മേളനം നടത്തി. അന്ന് നടന്ന മീറ്റിങ്ങിൽ ജോസഫ് നമ്പിമഠം തയ്യാറാക്കിയ ഭരണഘടന ചില നാമമാത്ര മാറ്റങ്ങൾ വരുത്തി അംഗീകരിക്കപ്പെട്ടുകൊണ്ട് കേരള ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേർക്ക (ലാന) അന്ന് ഔദ്യോഗികമായി രൂപം കൊണ്ടു. പ്രസിഡന്റ് ഡോ. എം.എസ്.ടി നമ്പൂതിരി, സെക്രട്ടറി ജോസഫ് നമ്പിമഠം, വൈസ്പ്രസിഡന്റുമാർ ജോൺ മാത്യു, മനോഹർ തോമസ്, ട്രഷറാർ സി.എം.സി, ജോയിന്റ് സെക്രട്ടറി അശോകൻ വേങ്ങശേരി എന്നിവരെ യോഗം ചുമതലപ്പെടുത്തി.

ആഡ്ഹോക്ക് കമ്മറ്റിയിലുണ്ടായിരുന്ന മറ്റ് അംഗങ്ങളായ ഡോ. എം.വി. പിള്ള, ചെറിയാൻ കെ. ചെറിയാൻ, ജയൻ കെ.സി., എൽസി ശങ്കരത്തിൽ, നീന പനയ്ക്കൽ, ജോൺ ഇളമത എന്നിവർ ട്രസ്റ്റി ബോർഡ് അംഗങ്ങളായും നിശ്ചയിക്കപ്പെട്ടു.

ഉച്ചയ്ക്കശേഷം നടത്തിയ സാഹിത്യ സമ്മേളനത്തിൽ "മലയാളഭാഷ എന്തുകൊണ്ടു പഠിക്കണം"--മനോഹർ തോമസ്, "അമേരിക്കയിൽ പത്രപ്രവർത്തനത്തിന്റെ ഭാവി"--രജനി ചീഫ് എഡിറ്റർ ചാക്കോ ശങ്കരത്തിൽ, "മഹാകവി കട്ടക്കയത്തിന്റെ സംഭാവനകൾ"--ഡോ. തോമസ് പി. തോമസ്, "അരുന്ധതിയുടെ നോവൽ ഗോഡ് ഓഫ് സ്മോൾ തിങ്ങ്സ്"-നമ്പിമഠം, "കാർട്ടൂൺ കല"--മനു മാത്യു "നോവൽ സാഹിത്യം"--മാത്യു നെല്ലിക്കുന്ന്, "ചെറുകഥകൾ"-ജോൺ മാത്യു എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

1998 ജോസഫ് നമ്പിമഠത്തിന്റെ പേരിലും അഡ്രസ്സിലും ലാന റജിസ്റ്റർ ചെയ്ത് Assumed Name Certificate കരസ്ഥമാക്കി.

വടക്കെ അമേരിക്കയിലെ സാഹിത്യകാരന്മാരുടെ സൃഷ്ടികൾ മലയാള സാഹിത്യത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ലാന ഡോ. അയ്യപ്പപ്പണിക്കർ പത്രാധിപരായും, ഡോ. എം.എം. ബഷീർ പ്രസാധകനുമായുള്ള കേരളകവിതയുമായി സഹകരിച്ച് 1998 ലെ കേരളകവിതയിൽ അമേരിക്കയിൽനിന്നുമുള്ള ചെറിയാൻ കെ. ചെറിയാൻ, ജോസഫ് നമ്പിമഠം, എം.എസ്.ടി. നമ്പൂതിരി, ജയൻ കെ.സി., മാടശ്ശേരി നീലകണ്ഠൻ നമ്പൂതിരി, ജോർജ്ജ് മുകളേൽ എന്നിവരുടെ കവിതകൾ ഉൾപ്പെടുത്തി. അമേരിക്കൻ മലയാളി എഴുത്തുകാരുടെ കൃതികൾ ഭാവി വാർഷികലക്കങ്ങളിലും ഉൾപ്പെടുത്താൻ കേരളകവിത സന്നദ്ധമായി. എട്ടാമത് ഫൊക്കാനയിൽ നോർത്ത് അമേരിക്കൻ മലയാളി എഴുത്തുകാരുടെ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പുരസ്കാരങ്ങൾ എർപ്പെടുത്തുന്നതിനും ലാനയ്ക്ക് കഴിഞ്ഞു.

1998 ൽ ഫോക്കാന സംഘടിപ്പിച്ച സാഹിത്യ ശില്പശാലയ്ക്ക് ലാന പ്രവർത്തകർ സജീവ നേതൃത്വം കൊടുത്തു. "ശൈലി, അവതരണം"--പ്രൊഫ. കെ.എം. തരകൻ, "ആവിഷ്കരണം --കഥയും നോവലും തമ്മിലുള്ള വ്യത്യാസങ്ങൾ"--സി. രാധാകൃഷ്ണൻ, "പുതിയ പ്രവണതകൾ"--പുതുശ്ശേരി രാമചന്ദ്രൻ, കഥാപാരായണം, കവിതാപാരായണം, എന്നിവയും ഇതിലെ മുഖ്യ ഇനങ്ങളായിരുന്നു. ഇവിടത്തെ എഴുത്തുകാരുടെ കൃതികൾ എന്തുകൊണ്ടാണ് മുഖ്യധാരയിൽ എത്താത്തത് എന്നതിനെ ആസ്പദമാക്കിയും ചർച്ചകൾ നടന്നു.

സ്വന്തമായി ദേശീയ സാഹിത്യ സമ്മേളനങ്ങൾ നടത്താൻ ബാല്യദശയിലായിരുന്ന ലാനയ്ക്ക് പ്രാപ്തിയില്ലായിരുന്നു. അതുകൊണ്ട് രണ്ടുവർഷം കൂടുമ്പോൾ നടത്തുന്ന ഫോക്കാന സമ്മേളനവുമായി ലാനയുടെ പ്രവർത്തനവർഷം ഒത്തുപോകേണ്ടിയിരുന്നതിനാൽ, '96 ൽ ഫോക്കാനായിൽ രൂപീകരിച്ച ആഡ്ഹോക്ക് കമ്മറ്റി മുതൽ 98 ഫോക്കാന വരെ കമ്മറ്റി കാലാവധിയായി പരിഗണിച്ച് പുതിയ കമ്മറ്റി രൂപപ്പെടുത്തുകയായിരുന്നു.

1998 പ്രസിഡന്റ് ജോസഫ് നമ്പിമഠം, സെക്രട്ടറി ചാക്കോ ശങ്കരത്തിൽ, റീജണൽ വൈസ്പ്രസിഡന്റുമാരായി ജോർജ്ജ് മണ്ണിക്കരോട്ട്, മാടശ്ശേരി നീലകണ്ഠൻ നമ്പൂതിരി, മനോഹർ തോമസ്, ട്രഷറർ അശോകൻ വേങ്ങശേരി, ജോയിന്റ് സെക്രട്ടറിമാരായി മനു മാത്യു, ജോൺ ഇളമത, തമ്പി ആന്റണി എന്നിവരേയും ചുമതലപ്പെടുത്തി. പ്രസിദ്ധ നിരൂപകൻ ഡോ. എം.എം.

ബഷീർ, വനിത മാസിക ചീഫ് എഡിറ്റർ മണർകാട് മാത്യു എന്നിവരും ലാന വാർഷികത്തിൽ പങ്കെടുത്തു.

കേരള ലിറ്റററി സൊസൈറ്റി ഡാലസ്, കേരള റൈറ്റേഴ്സ് ഫോറം ഹ്യൂസ്റ്റൺ, സർഗവേദി ന്യൂയോർക്ക്, സഹിതീസഖ്യം ന്യൂയോർക്ക്, സാഹിത്യവേദി ഫിലഡല്ഫിയ, കാലിഫോർണിയ ലിറ്റററി അസോസിയേഷൻ ഓഫ് മലയാളീസ് എന്നീ സംഘടനകൾ ലാനയുടെ അംഗസംഘടനകളായി. നീന പനയ്ക്കൽ, ജോസഫ് നമ്പിമഠം, ഡോ. മാത്യു തെക്കേടത്ത്, ചാക്കോ ശങ്കരത്തിൽ എന്നിവർ ആയുഷ്കാല മെമ്പർമാരായി. തോമസ് ജോസുകുട്ടിയുടെ നേതൃത്വത്തിൽ ബാൾട്ടിമൂർ വിർജീനിയ വാഷിങ്ങ്ടൺ റീജൻ 'രചന' എന്നപേരിലും, ഡോ. കോടയ്ക്കാട് സുരേന്ദ്രൻ നായർ, തോമസ് കർത്തനാൾ, അബ്ദുൾ പുന്നയൂർക്കുളം എന്നിവരുടെ നേതൃത്വത്തിൽ മിഷിഗൺ മലയാളി അസോസിയേഷനും ലാനയുടെ പോഷക സംഘടനകളായി പുതുതായി രൂപീകരിക്കപ്പെടുകയുണ്ടായി.

1999 മെയ് മാസത്തിൽ ജനനി മാസികയുടെ ആദ്യ ലക്കം പ്രസിദ്ധീകരിച്ചപ്പോൾ ലാനയുടെ പൂർണ്ണ പിന്തുണയുണ്ടായിരുന്നു. lanaonline.org എന്ന പേരിൽ ലാന domain സ്വന്തമാക്കി.

മെയ് 28, 29, 30 തീയതികളിൽ ഫിലഡൽഫിയയിലെ മാപ്പ് സെന്ററിൽ വച്ച് ലാനയുടെ വാർഷികവും ശില്പശാലയും അരങ്ങേറി. അമേരിക്കൻ നോവലിസ്റ്റ് ബെർണഡറ്റ് വൈക്കോണർ ഉദ്ഘാടനം ചെയ്തു. കേരളത്തിൽനിന്നും ഡോ. എം.എം. ബഷീർ, ബി.എം. സുഹറ എന്നിവർ മുഖ്യാതിഥികളായിരുന്നു. "ചെറുകഥാപ്രസ്ഥാനത്തിലെ നൂതന പ്രവണതകൾ"--ജോൺ ഇളമത, "കവിത എന്നലെ, ഇന്ന്, നാളെ"--എൽസി ശങ്കരത്തിൽ, പീറ്റർ നീണ്ടൂർ, "സാഹിത്യ സൃഷ്ടികളിലെ സാമൂഹ്യതലം"--എബ്രഹാം തോമസ്, "നോവൽ സാഹിത്യം ഇന്ന്"--എബ്രഹാം തെക്കേമുറി എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. ഡോ. ബഷീറും സുഹറയും സ്റ്റഡിക്ലാസ്സുകൾക്കും ശില്പശാലയ്ക്കും ചർച്ചകൾക്കും നേതൃത്വം നല്കി. പൊതുസമ്മേളനത്തിൽ അംബാസിഡർ ടി.പി. ശ്രീനിവാസൻ, ഡോ. എം.വി. പിള്ള എന്നിവർ മുഖ്യ പ്രഭാഷണം നടത്തി.

സാഹിത്യ മത്സരങ്ങളിൽ ചെറുകഥ--സി.എം.സി, നോവൽ--ജോൺ പണിക്കർ, കവിത--ഉഷ നന്ദകുമാർ, ലേഖനം--അബ്രഹാം തോമസ്, റവ. തമ്പി എന്നിവർ സമ്മാനത്തിന് അർഹരായി. ലാന ആദ്യമായി തുടങ്ങിയ ആചാര്യ അവാർഡിന് ജെ. മാത്യൂസ് അർഹനായി. ഭാഷയ്ക്കും സാഹിത്യത്തിനും നല്കിയ സേവനങ്ങൾക്ക് മലയാളംപത്രം, കേരള എക്സ്പ്രസ്സ്, ജനനി, കൈരളി എന്നീ പത്രങ്ങൾക്ക് ബഹുമതികൾ നല്കി. സമ്മേളനത്തെ ആദരിച്ചുകൊണ്ട് ഫിലഡല്ഫിയ ഗവർണർ മെയ് 29 കേരള ലിറ്റററി ഡേ ആയി പ്രഖ്യാപിച്ചുകൊണ്ട് പുറത്തിറക്കിയ വിളമ്പരം യോഗത്തിൽ വായിച്ചു.

അവസാന ദിവസം നടന്ന ജനറൽബോഡി യോഗം ആചാര്യ അവാർഡ് തുടരേണ്ടതില്ലെന്നും പകരം ഫെലോഷിപ്പുകൾ നല്കാമെന്നും തീരുമാനിച്ചു. മനു മാത്യു ഡാലസ് തയ്യാറാക്കിയ മലയാള സാഹിത്യകാരന്മാരുടെയും അമേരിക്കൻ മലയാളി സാഹിത്യകാരന്മരുടെയും പുസ്തക-ചിത്രപ്രദർശനം പ്രത്യേക പരാമർശം അർഹിക്കുന്നു. ഡോ. എം.എം. ബഷീറിനും സുഹറയ്ക്കും ഫലകം നല്കി ആദരിച്ചു. ഫിലഡല്ഫിയയിലെ എല്ലാ മലയാളി സംഘടനകളും ലാനയ്ക്ക് പിന്തുണ നല്കി പ്രോത്സാഹിപ്പിച്ചു. ലാനയുടെ നേതൃത്വത്തിൽ ആദ്യമായി, ഫോക്കാനയുടെ വേദിയിലല്ലാതെ, അരങ്ങേറിയ വാർഷികവും ശില്പശാലയും ലാന സ്വന്തം കാലിൽ നില്ക്കാൻ പ്രാപ്തിയുള്ള സംഘടന ആയിക്കഴിഞ്ഞിരിക്കുന്നു എന്ന് വിളിച്ചോതുന്നതായിരുന്നു ഫിലഡൽഫിയ സമ്മേളനം.

2000 ജൂൺ പത്തിന് റീജനൽ സമ്മേളനം ഹ്യൂസ്റ്റൺ കേരള ഹൗസിൽ നടത്തി. ഡാലസ് കേരള ലിറ്റററി സൊസൈറ്റി, മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹ്യൂസ്റ്റൺ എന്നീ

സംഘടനകൾക്കു പുറമെ ഹ്യൂസ്റ്റണിലെ ഭാഷാസാഹിത്യസ്നേഹികളുടെയും ഒരു സംഗമവേദിയായി ഈ സമ്മേളനം. "ഭാഷ, സംസ്കാരവളർച്ചയെ എങ്ങനെ സ്വാധീനിക്കുന്നു"--ജോർജ്ജ് മണ്ണിക്കരോട്ട് പ്രബന്ധം അവതരിപ്പിച്ചു. തുടർന്ന് ടി.എം സാമുവൽ, വർഗീസ് കമ്പാലത്ത് എന്നിവർ പ്രസംഗിച്ചു. റീജനൽ വൈസ് പ്രസിഡന്റ് മണ്ണിക്കരോട്ടായിരുന്നു സംഘാടകൻ.

ഏപ്രിൽ മാസത്തിൽ ന്യൂയോർക്ക് റീജിയൻ സമ്മേളനം സന്തൂർ റെസ്റ്റോറന്റിൽ നടത്തി. റീജനൽ വൈസ് പ്രസിഡന്റ് മനോഹർ തോമസായിരുന്നു സംഘാടകൻ. "അമേരിക്കൻ സാഹിത്യരംഗം, ഒരു അവലോകനം" എന്ന വിഷയം രാജു തോമസ് അവതരിപ്പിച്ചു. എൽസി ശങ്കരത്തിന്റെ മൂല്യമാലിക എന്ന കവിതാസമാഹാരം സമ്മേളനത്തിൽ പ്രകാശനം ചെയ്തു.

ലാനയുടെ 2000 വാർഷികം ഒക്ടോബർ 6, 7, 8 തീയതികളിൽ, റീജനൽ വൈസ്പ്രസിഡന്റ് മനോഹർ തോമസ് കൺവീനറായി, ന്യൂയോർക്കിലെ എല്മോണ്ട് കേരള സെന്ററിൽ വച്ച് നടത്തി. ന്യൂയോർക്കിലെ സാഹിത്യ സംഘടനകളായ സർഗവേദിയുടെയും സാഹിതീസഖ്യത്തിന്റെയും കൂട്ടായ സഹകരണത്തിലും ന്യൂയോർക്കിലെ പത്രമാസികകളായ മലയാളംപത്രം, കൈരളി, ജനനി എന്നിവരുടെ കൂട്ടായ പ്രവർത്തനവും കൊണ്ട് അനുഗ്രഹീതമായിരുന്നു ഈ സമ്മേളനം. ഗുരുകലം സ്കൂളിന്റെ പിന്തുണയും, ശില്പശാലയ്ക്കു നേതൃത്വവും, "എഴുത്തുകാരൻ, മതം, ആദ്ധ്യാത്മികത" എന്ന വിഷയത്തിൽ പ്രഭാഷണം നടത്തിയ പ്രസിദ്ധ എഴുത്തുകാരൻ സക്കറിയയുടെ സാന്നിദ്ധ്യവും പ്രത്യേകം ശ്രദ്ധേയമായി. ശശി തരൂർ, ഇംഗ്ളീഷ് കവയത്രി പ്രൊഫ. മീന അലക്സാണ്ടർ എന്നിവരും വിശിഷ്ടാഥിതികളായിരുന്നു. മലയാളംപത്രം അവാർഡ് ജോസഫ് നമ്പിമഠത്തിന്റെ 'നിസ്വനായ പക്ഷി' എന്ന കവിതാസമാഹരത്തിനും, ശശി തരൂറിന് പ്രത്യേക അവാർഡും നല്കി ആദരിച്ചു. മൈലപ്ര കഥകളുടെ പ്രകാശനം നടന്നു. മാധ്യമങ്ങൾക്കും മലയാളം സ്കൂളിനും പ്രത്യേക പുരസ്കാരങ്ങളും നല്കി.

പുതിയ ഭാരവാഹികളായി മനോഹർ തോമസ്--പ്രസിഡന്റ്, ജോൺ ഇളമത--സെക്രട്ടറി, എബ്രഹാം തെക്കേമുറി--ട്രഷറർ, വൈസ്പ്രസിഡന്റ്മാർ--ജോൺ മാത്യു അബ്ദുൾ പുന്നയൂർക്കുളം, ജോയിന്റ് സെക്രട്ടറി--പുഷ്പ മൈലപ്ര, മനു മാത്യു ഓഡിറ്റേഴ്സ്--ജെ മാത്യു എൽസി ശങ്കരത്തിൽ എന്നിവരെ തിരഞ്ഞെടുത്തു.

ഫിലഡല്ഫിയ അപ്പർ ഡാർബിസ് സഹൃദയവേദി, കാനഡ സഹൃദയവേദി എന്നീ പുതിയ യൂണിറ്റുകൾ ആരംഭിച്ചതും കാനഡ റീജനൽ സമ്മേളനവും ഈ വർഷമായിരുന്നു.

2001 നവംബർ 3, 4 തീയതികളിൽ മിലന്റെ ആഭിമുഖ്യത്തിൽ ഡിട്രോയിറ്റിൽ നടത്തിയ സമ്മേളനത്തിൽ കെ.എൽ. മോഹനവർമ്മയായിരുന്നു മുഖ്യാഥിതി.

2002 ആദ്യത്തെ അന്തർദേശീയ കൺവൻഷൻ ഒക്ടോബർ 12, 13 തീയതികളിൽ ടൊറൊന്റോയിൽ ചങ്ങമ്പുഴ നഗർ എന്നു നാമകരണം ചെയ്ത Western Sunset Inn-ൽ നടന്നു. റ്റോം കോക്കാട്ട്, ജോൺ ഇളമത എന്നിവർ കൺവൻഷൻ ചെയർമാന്മായിരുന്നു. ജോർജ്ജ് ഓണക്കൂറായിരുന്നു മുഖ്യാതിഥി. നോവൽ, കഥ ചർച്ചകൾ, കവിയരങ്ങ്, വിശ്വസാഹിത്യത്തിലെ ഇന്ത്യൻവംശരായ എഴുത്തുകാരെപ്പറ്റി പഠനം--ജോർജ്ജ് ഓണക്കൂർ, ചിരിയരങ്ങ്, മലയാളി പ്രവാസസാഹിത്യചർച്ച, അക്ഷരശ്ളോകം, ദൃശ്യകലകളും മലയാള സാഹിത്യവും, മലയാളമാധ്യമങ്ങൾ ചർച്ച, പിന്നീട് ലാനയുടെ ആദ്യ ബാങ്ക്വറ്റും പൊതുസമ്മേളനവും നടത്തപ്പെട്ടു. വിവിധ കലാപരിപാടികൾ, കഥാപ്രസംഗം, ബാങ്ക്വറ്റ്, മനോഹരമായി മികച്ച രീതിയിൽ പ്രസിദ്ധീകരിച്ച സുവനീർ എന്നിവയാൽ ശ്രദ്ധേയമായി ഈ അന്തർദേശീയ സമ്മേളനം.

പുതിയ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടവർ: പ്രസിഡന്റ്--ജോൺ ഇളമത, സെക്രട്ടറി--എബ്രഹാം തോമസ്, ട്രഷറർ--ജോൺ മാത്യു, വൈസ് പ്രസിഡന്റ്--പീറ്റർ നീണ്ടൂർ, തമ്പി ആന്റണി, ജോയിന്റ് സെക്രട്ടറിമാർ എബ്രഹാം തെക്കേമുറി, അബ്ദുൾ പുന്നയൂർക്കുളം.

2003 ലാന റീജണൽ കൺവൻഷനും സാഹിത്യ ശിബിരവും ജൂലൈ 4, 5, 6 തീയതികളിൽ ന്യൂയോർക്കിലെ, എൻ.പി. മുഹമ്മദ് നഗർ എന്നു നാമകരണം ചെയ്ത, എല്മോണ്ട് കേരളസെന്ററിൽ നടന്നു. പീറ്റർ നീണ്ടൂരായിരുന്നു ചെയർമാൻ. "ഉത്തര നവകൊളോണിയൽ സാഹിത്യം"--ജയൻ കെ.സി., "നമ്മുടെ നിരൂപണസാഹിത്യം ഒരു വഴിത്തിരിവിൽ"--എം.ടി. ആന്റണി, "പരസ്പരപൂരകങ്ങളായ എഴുത്തുകാരും മാധ്യമങ്ങളും അനുവാചകരും"--സിനി പണിക്കർ, "രചനയുടെ അവസ്ഥാന്തരങ്ങളും ദിശാബോധവും"--പ്രൊഫ. കോശി തലയ്ക്കൽ എന്ന പ്രബന്ധങ്ങൾ അവതരിക്കപ്പെട്ടു. അക്ഷരശ്ലോകവും കവിസമ്മേളനവും നടന്നു. പൊതു സമ്മേളനത്തിൽ ഫൊക്കാന പ്രസി. ജോർജ്ജ് കോശി, വേൾഡ് മലയാളി കൗൺസിൽ പ്രസി. അലക്സ് കോശി എന്നിവർ പങ്കെടുത്തു. പുസ്തക പ്രകാശനം, സ്റ്റീഫൻ ഇടപ്പാറയുടെ കഥാപ്രസംഗം, ലാലിന്റെ മിമിക്രി, മറ്റു കലാപരിപാടികൾ, അത്താഴവിരുന്ന് എന്നിവയും ഉണ്ടായിരുന്നു. കൺവൻഷനിൽ മിച്ച ബജറ്റ് കാണിച്ച്, കണക്ക് എല്ലാവർക്കും അയച്ചുകൊടുത്ത്, പീറ്റർ നീണ്ടൂർ മാതൃക കാട്ടി.

2004 ലാനയുടെ പ്രഥമ കേരള കൺവൻഷൻ വൈക്കം മുഹമ്മദ് നഗർ എന്നു പേരിട്ട തിരുവനന്തപുരത്തുള്ള പങ്കജ് ഹോട്ടലിൽ ജനുവരി 30, 31, ഫെ. 1 തീയതികളിൽ നടന്നു. അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനവും സ്മരണികയുടെ പ്രകാശനവും നടത്തി. എഴുത്തുകാർ നൊസ്റ്റാൾജിയ കൈവെടിഞ്ഞ് അവർ ജീവിക്കുന്ന സമൂഹത്തിലെ പ്രശ്നങ്ങൾ എഴുതണമെന്ന് ഡോ. എം.എം. ബഷീർ പറഞ്ഞു. അക്ബർ കക്കട്ടിൽ തുടർന്ന് സംസാരിച്ചു. മാധ്യമ ചർച്ചയിൽ "മാധ്യമങ്ങളും വർത്തമാനകാല പ്രതിസന്ധികളും എന്ന വിഷയത്തിൽ ഏഷ്യാനെറ്റ് പ്രസി. കെ.പി. മോഹൻ, മനോരമയുടെ ജോണി ലൂക്കോസ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി. ജോർജ്ജ് ഓണക്കൂറായിരുന്നു കൺവൻഷന്റെ മുഖ്യ ആസൂത്രകൻ. കാവ്യസംഗമത്തിന്റെ മോഡറേറ്റർ ഹിന്ദു പത്രത്തിന്റെ സ്പെഷ്യൽ കറസ്പോണ്ടന്റ് ഗൗരീദാസൻ ആയിരുന്നു. കവിതാസംഗമത്തിന്റെ സമാപനത്തിൽ ഒ.എൻ.വി. കുറുപ്പ് അമേരിക്കൻ മലയാളിയുടെ ഭാഷാസ്നേഹത്തെ പ്രശംസിച്ച് സംസാരിച്ചു. മലയാള ഭാഷയിലെ ക്ലാസ്സിക്കുകൾ ഇംഗ്ലീഷിലേക്ക് പരിഭാഷ ചെയ്യാൻ ലാന മുൻകൈ എടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

2005 ലാനയുടെ ദേശീയ സമ്മേളനം മർച്ച് 11,12,13 തീയതികളിൽ ഡാലസിലെ Best Western Lake View Inn-ൽ നടത്തപ്പെട്ടു. എബ്രഹാം തെക്കേമുറിയായിരുന്നു കൺവീനർ. പുതിയ സാരഥികൾ: പ്രസിഡന്റ്-എബ്രഹാം തോമസ്, സെക്രട്ടറി--അബ്ദുൾ പുന്നയൂർക്കുളം, ട്രഷറർ--എബ്രഹാം തെക്കേമുറി, വൈസ്പ്രസിഡന്റ്--അശോകൻ വേങ്ങശേരി, വാസുദേവ് പുളിക്കൽ, ജോ. സെക്ര.--പീറ്റർ നീണ്ടൂർ, പ്രേമ ആന്റണി, കമ്മറ്റി മെംബേഴ്സ്--ജെ. മാത്യൂസ്, ജോൺ മാത്യു സി.എം.സി, പ്രിൻസ് മർക്കോസ്. എം.വി. പിള്ളയായിരുന്നു മുഖ്യാതിഥി. ചാക്കോ ശങ്കരത്തിലിന്റെ നിര്യാണം നടന്നത് ഈ യോഗം നടന്നപ്പോഴാണ്. അദ്ദേഹം യോഗത്തിൽ പങ്കെടുക്കാൻ വന്നിരുന്നില്ല. അടിയന്തിര യോഗം ചേർന്ന് ലാന അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

2006 ഒക്ടോബർ 13, 14, 15 തീയതികളിൽ ഫിലഡല്ഫിയയിലെ ബെൻസാലം ഹോളിഡേ ഇന്നിൽ പ്രാദേശിക സമ്മേളനം, ചാക്കോ ശങ്കരത്തിൽ അനുസ്മരണ സമ്മേളനം എന്നിവ അരങ്ങേറി. നീന പനയ്ക്കലും അശോകൻ വേങ്ങശേരിയുമായിരുന്നു കൺവൻഷൻ ചെയർ പേഴ്സൻസ്. കോഴിക്കോട് സർവ്വകലാശാല പ്രൊഫസറും എഴുത്തുകാരനുമായ എം.എൻ. കാരശേരിയായിരുന്നു മുഖ്യാതിഥി. ജോയൻ കുമരകം എൻ. മോഹനന്റെ കഥാപ്രപഞ്ചം എന്ന വിഷയത്തെപ്പറ്റി പ്രസംഗിച്ചു. കവിയരങ്ങിൽ പ്രൊഫ. കോശി തലയ്ക്കൽ, അബ്ദുൾ പുന്നയൂർക്കുളം, പീറ്റർ നീണ്ടൂർ, സന്തോഷ് പാലാ, ജേക്കബ് തോമസ്, രാജു തോമസ്, ജോർജ്ജ് നടവയൽ, ജോസഫ് നമ്പിമഠം, ദേവരാജ് കാരാവള്ളി, തമ്പി ആന്റണി, ഡോ. നന്ദകുമാർ തുടങ്ങി ധാരാളം പേർ കവിതകൾ അവതരിപ്പിച്ചു. കഥാചർച്ചയിൽ നീന പനക്കൽ, നിർമ്മല തോമസ്

എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സി.എം.സി, ജോൺ മാത്യു മനോഹർ തോമസ്, റീനി മമ്പലം, സാംസി കൊടുമൺ തുടങ്ങിയവർ കഥകൾ അവതരിപ്പിച്ചു. ജെ. മാത്യൂസ്--ഭാഷാപഠനത്തിന്റെ പ്രസക്തി, വാസുദേവ് പുളിക്കൽ--എഴുത്തുകാരുടേയും വായനക്കാരുടേയും പങ്ക്, ജോസഫ് നമ്പിമഠം--മാധ്യമങ്ങളുടെ സ്വാധീനം എന്നീ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ചാക്കൊ ശങ്കരത്തിൽ അനുസ്മരണ യോഗത്തിൽ എം.എൻ. കാരശേരി, ഡോ. എം.വി. പിള്ള, റേച്ചൽ ശങ്കരത്തിൽ എന്നിവർ വിളക്കു തെളിക്കുകയും ധാരാളം പേർ ലാനയെയും മറ്റു സംഘടനകളെയും പ്രതിനിധീകരിച്ച് അനുസ്മരണ പ്രഭാഷണങ്ങൾ നടത്തി. ശങ്കരത്തിലിന്റെ അവസാനകൃതി "കിരണങ്ങൾ"(അനുസ്മരണങ്ങൾ കൂട്ടിച്ചേർത്തത്) പ്രകാശനം ചെയ്തു. പ്രൊഫ. കോശി തലയ്ക്കലിന്റെ "കാലാന്തരം", എബ്രഹാം തോമസിന്റെ "ഈ ലോകം ഈ ഗ്രാമം", ദേവരാജന്റെ "കേദാരമാനസം"(CD) എന്നിവ പ്രകാശനം ചെയ്തു. കലാപരിപാടികൾ തമ്പി ആന്റണി ഉദ്ഘാടനം ചെയ്തു. രാജു മൈലപ്ര, ജോൺ ഇളമത, എം.വി. പിള്ള എന്നിവർ നർമ്മവേളയ്ക്ക് നേതൃത്വം നല്കി. അടുത്ത സമ്മേളനം ന്യൂയോർക്കിൽ നടത്താൻ തീരുമാനിച്ചു. ശങ്കരത്തിലിന്റെ കബറിടത്തിൽ ലാന പ്രവർത്തകർ പ്രാർത്ഥനയും നടത്തി.

2007 പത്തുവർഷം പിന്നിട്ട ലാനയുടെ വാർഷികവും സാഹിത്യശിബിരവും ന്യൂയോർക്കിലെ കേരള സെന്ററിൽ ജൂൺ 1, 2, 3 തീയതികളിൽ നടത്തി. പീറ്റർ നീണ്ടൂർ കൺവൻഷൻ ചെയർമാനായിരുന്നു. ഉള്ളൂർ നഗർ എന്ന് പേരിട്ട കൺവെൻഷൻ നഗരിയിലെ മുഖ്യാതിഥി ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളെജ് മലയാളവിഭാഗം തലവൻ പ്രൊഫ. മാത്യു പ്രാൽ ആയിരുന്നു. ലാനയുടെ മുൻസാരഥികളെ സ്റ്റേജിൽ വിളിച്ച് ആദരിക്കുകയും ചെയ്തു. മലയാളനാടകചർച്ചയിൽ ആ പ്രസ്ഥാനത്തിന്റെ ആരംഭം, പരിണാമം എന്നതിനെപ്പറ്റി ഡോ. പി.സി. നായർ പ്രബന്ധം അവതരിപ്പിച്ചു. കവിയരങ്ങിൽ സന്തോഷ് പാലാ, ജയൻ കെ.സി., ജേക്കബ് തോമസ്, എൽസി ശങ്കരത്തിൽ, ത്രേസ്യാമ്മ നാടവള്ളി, പീറ്റർ നീണ്ടൂർ തുടങ്ങിയവർ കവിതകൾ പാരായണം ചെയ്തു. കവിതയിലെ സംഗീതം എന്ന വിഷയത്തിൽ പ്രൊഫ. കോശി തലയ്ക്കൽ, പ്രൊഫ. മാത്യു പ്രാൽ എന്നിവർ പ്രഭാഷണം നടത്തി. നോവൽ ചർച്ചയിൽ എബ്രഹാം തെക്കേമുറി പ്രബന്ധം അവതരിപ്പിച്ചു. ചെറുകഥാചർച്ചയിൽ "രചനകളിലെ തന്ത്രങ്ങൾ" എന്ന പ്രബന്ധം ജോൺ മാത്യു അവതരിപ്പിച്ചു. റീനി മമ്പലം, സാംസി കൊടുമൺ, സി.എം.സി, എം.ടി. ആന്റണി എന്നിവർ കഥാചർച്ചയ്ക്ക് നേതൃത്വം നല്കി.

എഴുത്തുകാരും മാധ്യമപ്രവർത്തകരും രണ്ടു പാനലായി ഇരുന്നു നടത്തിയ സംവാദം പുതുമയുള്ളതായിരുന്നു. അമേരിക്കൻ മലയാളി എഴുത്തുകാരുടെ പൊതുപ്രശ്നങ്ങളും, ഭൂതകാലത്തിന്റെ വീഴ്ചകളും വർത്തമാനകാലത്തിന്റെ മാറ്റങ്ങളും വിലയിരുത്തി. ലാനയുടെ അംഗങ്ങളെ കൂടാതെ മാധ്യമപ്രവർത്തകാരായ ജോസ് കാടാപുറം, ജോസ് തയ്യിൽ, ജോയി ലൂക്കോസ്, ജെ. മാത്യൂസ്, തോമസ് മുളയ്ക്കൽ എന്നിവരും ചർച്ചയിൽ പങ്കെടുത്തു. ഹാസ്യസാഹിത്യ ചർച്ചയിൽ പ്രിൻസ് മർക്കോസ് പ്രബന്ധം അവതരിപ്പിച്ചു.

പുതിയ സാരഥികൾ ഈ യോഗത്തിൽ വച്ച് തീരുമാനിക്കപ്പെട്ടു. പ്രസി.--പീറ്റർ നീണ്ടൂർ, സെക്ര.--എബ്രഹാം തെക്കേമുറി, ട്രഷ.--ജോൺ മാത്യു വൈസ് പ്രസി.--വാസുദേവ് പുളിക്കൽ, അബ്ദുൾ പുന്നയൂർക്കുളം, അശോകൻ വേങ്ങശേരി, ജോ. സെക്രട്ടറിമാർ-- സാംസി കൊടുമൺ, ദേവരാജ്, കമ്മറ്റിയംഗങ്ങൾ--ജെ മാത്യൂസ്, പ്രിൻസ് മർക്കോസ്, ഡോ. പി.സി. നായർ, നീന പനയ്ക്കൽ, റീനി മമ്പലം, ജോർജ്ജ് മണ്ണിക്കരോട്ട്, ജോസൻ ജോർജ്ജ്, മോഹൻ പരുവക്കാട്, തമ്പി ആന്റണി.

ലാനയുടെ ചരിത്രത്തിൽ ആദ്യമായി ഒരു ഭരണസമിതിക്ക് രൂപം കൊടുത്തു. മുൻപ്രസിഡന്റുമാരായ എം.എസ്.ടി. നമ്പൂതിരി, ജോസഫ് നമ്പിമഠം, മനോഹർ തോമസ്, ജോൺ ഇളമത, എബ്രഹാം തോമസ് എന്നിവരെ ഭരണസമിതി അംഗങ്ങളാക്കി. ലാനയുടെ പാരമ്പര്യം നിലനിർത്താനും കൂടുതൽ ശക്തിനല്കാനും ഇത് സഹായകമായി. കൈരളി പത്രത്തിന്റെ സാരഥി

ജോസ് തയ്യിലിനെ ഫലകം നല്കി ആദരിച്ചു. ലാനയോടുള്ള സഹകരണം, അമേരിക്കൻ മലയാളി എഴുത്തുകാർക്ക നൽകുന്ന സേവനം, ഏറ്റവും പഴക്കമുള്ള അമേരിക്കൻ മലയാള പത്രത്തിന്റെ ഏഡിറ്റർ എന്നെ നിലകളിലുള്ള അംഗീകാരമായിരുന്നു അത്.

2008 ഫെബ്രുവരി 1-ന് "ലാന കേരള സമ്മേളനം" കോട്ടയം ഓർകിഡ് റെസിഡെൻസിയിൽ എബ്രഹാം തെക്കേമുറി കൺവീനറായി നടത്തി. മന്ത്രി മോൻസ് ജോസഫ്, ഡോ. ബാബു പോൾ, ശശിധരൻ നായർ, കേരളത്തിലെ സാഹിത്യ മാധ്യമ പ്രവർത്തകർ മുതലായവർ പങ്കെടുത്തു. പി.വി. പവൻ (കേരള കൌമുദി), ഡോ. ഫ്രാങ്ക്ലിൻ (ആയുർവേദം), ഡോ. സന്തോഷ് കമാർ (അമൃത ടി.വി), സിന്ധു സൂര്യകമാർ (ഏഷ്യനെറ്റ്) എന്നിവരെ അവാർഡ് നൽകി ആദരിച്ചു.

ചിക്കാഗോയിൽ ആദ്യമായി നടത്തപ്പെട്ട റീജണൽ സമ്മേളനം ഡിസംബർ 5, 6, 7 തീയതികളിൽ, വള്ളത്തോൾ നഗർ എന്നു നാമകരണം ചെയ്യപ്പെട്ട, ഓൾ അമേരിക്കൻ ബാങ്ക് ഓഡിറ്റോറിയത്തിൽ അരങ്ങേറി. ഷാജൻ ആനിത്തോട്ടം ആയിരുന്നു കൺവൻഷൻ ചെയർപേഴ്സൺ. ചിക്കാഗോ സാഹിത്യവേദി ആധിതേയത്വം അരുളി. പ്രസി. പീറ്റർ നീണ്ടൂർ, ഡോ. റോയി പി. തോമസ്, എബ്രഹാം തെക്കേമുറി, ജോസഫ് നമ്പിമഠം, ഷാജൻ ആനിത്തോട്ടം, ജോൺ ഇലക്കാട് എന്നിവർ ഉദ്ഘാടന പ്രസംഗങ്ങൾ നടത്തി.

മാധ്യമ സംവാദത്തിൽ ജോസ് കണിയാലി, കെ.എം ഈപ്പൻ, ശിവൻ മുഹമ്മ, ജോയിച്ചൻ പുതുക്കളം, ലാന, സാഹിത്യവേദി അംഗങ്ങളും പങ്കെടുത്തു.ശ്രീധരൻ കർത്തായുടെ നേതൃത്വത്തിൽ അക്ഷര ശ്ലോകം നടന്നു. "അമേരിക്കയിലെ മലയാള സാഹിത്യവും ക്രിയാത്മക വിമർശനവും" എന്ന സെമിനാറിൽ എൻ. പി. ഷീലയും പീറ്റർ നീണ്ടൂരും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ചെറുകഥ ചർച്ചയ്ക്ക് സാംസി കൊടുമണ്ണും അബ്ദുൽ പുന്നയൂർക്കളവും, കവിയരങ്ങിന് ഉമ രാജ, ശ്യാം പരമേശ്വരൻ എന്നിവരും നേതൃത്വം കൊടുത്തു. "വിശ്വസാഹിത്യത്തിലെ വിസ്മയമുത്തുകൾ" എന്ന സെമിനാറിൽ ജോസഫ് നമ്പിമഠവും ജോൺ മാത്യുവും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പുതിയ പുസ്തകങ്ങളുടെ പരിചയപ്പെടൽ, പുസ്തക പ്രദർശനം എന്നിവ ശ്രദ്ധേയമായി. ഡോ. എ.കെ.ബി. പിള്ള, പ്രൊഫ. കോശി തലയ്ക്കൽ എന്നിവർ നയിച്ച "മലയാള സാഹിത്യ ചരിത്രവും വികാസവും" ശ്രദ്ധേയമായ മറ്റൊരിനമായിരുന്നു.

2009 ഓക്ടോബർ 23,24 തീയതികളിൽ, കടമ്മിനിട്ട നഗർ എന്ന് നാമകരണം ചെയ്ത, ഹ്യൂസ്റ്റണിലെ ഷുഗർലാണ്ടിലുള്ള കഫേ ഇൻഡ്യ ബാങ്ക്വറ്റ് ഹാളിൽ ദേശീയ സമ്മേളനം അരങ്ങേറി. ജോൺ മാത്യു ആയിരുന്നു കൺവൻഷൻ ചെയർമാൻ. ഹ്യൂസ്റ്റൻ റൈറ്റേഴ്സ് ഫോറം പ്രവർത്തകരും മലയാളം സൊസൈറ്റി പ്രവർത്തകരും ആതിഥേയ സംഘടനകളായിരുന്നു.

മുഖ്യാതിഥി പോൾ സക്കറിയ ഭദ്രദീപം തെളിച്ച് ഉദ്ഘാടനം നടത്തി. എം.എസ്.ടി നമ്പൂതിരി, നമ്പിമഠം, മനോഹർ തോമസ് എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് മാധവിക്കുട്ടി, കടമ്മനിട്ട, ചാക്കോ ശങ്കരത്തിൽ എന്നിവരെ അനുസ്മരിച്ചു. ചൊല്ക്കാഴ്ചയിൽ നമ്പിമഠം, ഓച്ചാലിൽ, എം.എസ്.ടി, ജോസൻ, പീറ്റർ എന്നിവർ പങ്കെടുത്തു.

കവിസമ്മേളനം ഉദ്ഘാടനം ചെയ്ത് എം.വി. പിള്ള ദീർഘമായ പ്രഭാഷണം നടത്തി. സമയക്കുറവുമൂലം കവിയരങ്ങ് നടന്നില്ല. സാഹിത്യ സംവാദനം സക്കറിയ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ചെറുകഥാശില്പശാലയിൽ എൻ.പി. ഷീലയും, മലയാളത്തിന്റെ മാറ്റങ്ങൾ എന്ന സെമിനാറിൽ കോശി തലയ്ക്കലും പ്രഭാഷണങ്ങൾ നടത്തി. മലയാള ഗദ്യവും സാമൂഹിക മാറ്റങ്ങളും--സണ്ണി എഴുമറ്റൂർ, ഇന്ത്യൻ ഇംഗ്ളീഷ് നോവലിസ്റ്റുകൾ--നമ്പിമഠം, വാക്കുകളുടെ ഉല്പത്തി- ഈശോ ജേക്കബ് എന്നിവർ സംസാരിച്ചു. എ.സി. ജോർജ്ജ് നയിച്ച മീഡിയ സെമിനാറിൽ ജനനി--ജെ. മാത്യൂസ്, ആഴ്ചവട്ടം--ജോർജ്ജ് കാക്കനാട്ട്, മലയാളി--ഫാൻസിമോൾ പള്ളാത്തുമഠം എന്നിവരും മറ്റു സാംസ്കാരിക പ്രവർത്തകരും പങ്കെടുത്തു. പുസ്തക പരിചയം, പുസ്തക

പ്രദർശനം, എഴുത്തുകാരുടെ ചിത്രപ്രദർശനം എന്നിവയും ഉണ്ടായിരുന്നു.

സമാപന സമ്മേളനത്തിൽ സക്കറിയ, എം.വി.പിള്ള, ടോം മാത്യൂസ്, ഷാജൻ ആനിത്തോട്ടം, ജോർജ്ജ് മണ്ണിക്കരോട്ട്, ശശിധരൻ നായർ, എസ്. കെ. ചെറിയാൻ, ജോസ് ജോൺ തെങ്ങുംപ്ലാക്കൽ മുതലായ അനേകം പേർ ആശംസാപ്രസംഗങ്ങൾ ചെയ്തു.

ഡോ. എം.എസ്.ടി. നമ്പൂതിരിക്ക് ലാനയുടെ ഫെലോഷിപ്പും, ഡോ. എം.വി. പിള്ള, ഡോ. എൻ.പി. ഷീല, പ്രൊഫ. കോശി തലയ്ക്കൽ എന്നിവർക്ക് ലാനയുടെ വിശിഷ്ട അംഗത്വവും നൽകി ആദരിച്ചു. ബെസ്റ്റ് കമ്യൂണിറ്റി ലീഡർ അവാർഡ് ശശിധരൻ നായർക്കും നല്കി.

ഇലക്ഷൻ ഓഫീസർ ഡോ. എം.എസ്.ടി. നമ്പൂതിരിയുടെ മേൽനോട്ടത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസി. എബ്രഹാം തെക്കേമുറി, സെക്ര. സാംസി കൊടുമൺ, വൈസ്. പ്രസി. ജെ മാത്യൂസ്, ജോ. സെക്ര. ഷാജൻ ആനിത്തോട്ടം, ട്രഷ. വാസുദേവ് പുളിക്കൽ.

2009-2011 ചരിത്രം സെക്രട്ടറി സാംസി കൊടുമണ്ണിന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ലാന ന്യൂയോർക്കിൽ സമ്മേളിക്കുമ്പോൾ 14 വർഷം പൂർത്തിയായിക്കഴിയും. കഴിഞ്ഞ പതിനഞ്ചുവർഷം ഇതിനു രൂപംകൊടുക്കാനും വളർത്താനും പാലിക്കാനും, തുടക്കം മുതൽ ഇന്നുവരെ സന്തത സഹചാരികളായി നില്ക്കുന്ന പലരുമുണ്ട്. അവരുടെയും പിന്നീട് വന്നവരുടെയും പ്രവർത്തനം കൊണ്ടാണ് ഈ സംഘടന ഇന്ന് നിലനിൽക്കുന്നത്. ഗ്രൂപ്പുകളിയോ, ഭിന്നിപ്പോ, ഇലക്ഷനോ ഇല്ലാതെ മാതൃകാ സംഘടനയായി ലാന ഇത്രയും കാലം നിലനിന്നു. ആരു നേതൃസ്ഥാനത്തിരിക്കുന്നു  എന്നതിനേക്കാൾ പ്രാധാന്യം, എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി എന്നതും, ലാനയെ മുൻപുണ്ടായിരുന്നതിനേക്കാൾ ഒരു പടികൂടി മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചോ എന്നതുമാണ് പ്രധാനം. വരുംകാലങ്ങളിലും അങ്ങിനെ ആയിരിക്കട്ടെ ലാന.

കുറിപ്പ്: ഓർമ്മപ്പിശകുകൊണ്ടോ, രേഖകളുടെ അഭാവത്താലോ, ഏതെങ്കിലും വ്യക്തിയെയോ സംഭവത്തെയോ വിട്ടുപോയിട്ടുണ്ടെങ്കിൽ രേഖകളുടെ അടിസ്ഥാനത്തിൽ തിരുത്തലുകൾക്ക് തയ്യാറാണ്. ●